ശ്രീ. കെ. എം. മാണി: സർ, ഇവിടെ ബാങ്കുകളെ സംബന്ധിച്ചിടത്തോളം നോൺ പെർഫോമിംഗ് അസ്സറ്റ്സിനെ സംബന്ധിച്ചിടത്തോളം ബാങ്കുകൾ അങ്ങനെ ചില നീക്കുപോക്കുകളൊക്കെ ചെയ്യുന്നുണ്ട്. അവർക്ക് വേണമെങ്കിൽ അത് റീ-ഷെഡ്യൂൾ ചെയ്യാം, പുതിയ കടമായിട്ട് കൊടുക്കാം. ചിലപ്പോൾ ചിലതൊക്കെ എഴുതിത്തള്ളുന്നുണ്ട്. അങ്ങനെയുള്ള ചില നടപടികൾ ഉണ്ട്. ഏതായാലും കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന ഗവൺമെന്റ് എഴുതാം. നമ്മുടെ കാർഷിക കടങ്ങളൊക്കെ എഴുതിത്തള്ളുന്ന കാര്യങ്ങൾക്ക് വേണ്ട അടിയന്തര നടപടികൾ എടുക്കണമെന്നു കാണിച്ച് കേന്ദ്രഗവൺമെന്റിലേക്ക് എഴുതാം.

*(ചോദ്യോത്തരസമയം കഴിഞ്ഞു)*

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്ര ചിഹ്നമിട്ട ചോദ്യോത്തരങ്ങൾ

**വെളിച്ചെണ്ണയുടെ വ്യാവസായിക ഉപയോഗങ്ങളെ സംബന്ധിച്ച പഠനം**

4 (*214) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെളിച്ചെണ്ണയുടെ വ്യവസായിക ഉപയോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ പദ്ധതികളിൽ വെളിച്ചെണ്ണയുപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ;

(സി) ഇതുമൂലം വെളിച്ചെണ്ണയുടെ ആഭ്യന്തര ഉപയോഗം എത്രകണ്ട് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ & ബി) എഞ്ചിൻ ഓയിലിന് പകരം വെളിച്ചെണ്ണ ചില ഓട്ടോറിക്ഷകളിലും ഇരുചക്രവാഹനങ്ങളിലും ഉപയോഗിക്കുന്നു എന്നറിഞ്ഞതിനെ തുടർന്ന് ഇതേക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിനു കേരള കാർഷിക സർവ്വകലാശാലക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് പഠനങ്ങൾ തുടങ്ങുകയും ചെയ്തു. പ്രാരംഭ പഠനത്തിൽ വെളിച്ചെണ്ണ മേൽപ്പറഞ്ഞ എഞ്ചിനുകളിൽ ഇപ്പോൾ സ്ഥിരമായി ഉപയോഗിക്കുന്ന മറ്റ് ഓയിലുകളുമായി ഒരു താരതമ്യം നടത്തുകയുണ്ടായി. വെളിച്ചെണ്ണയ്ക്ക് ചില ഗുണങ്ങൾ കൂടുതൽ ഉള്ളതായി കാണുകയുണ്ടായി. ഇതുസംബന്ധിച്ചു കൂടുതൽ പഠനങ്ങൾ നടത്തിവരികയാണ്. കൂടാതെ നാളികേര വികസന ബോർഡ് കൊച്ചി ശാസ്ത്ര



LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക സർവ്വകലാശാലയുമായി ചേർന്ന് ഇതുസംബന്ധിച്ച ഗവേഷണങ്ങൾ നടത്തി വരുന്നതായി അറിയുന്നു. ഇവ കൂടാതെ സോപ്പ്, ഷാംപൂ, ഷേവിംഗ്ക്രീം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രധാന അസംസ്കൃത വസ്തുവായി വെളിച്ചെണ്ണ ഉപയോഗിച്ചു വരുന്നു. പാൽപ്പൊടി, വനസ്പതി, ഐസ്ക്രീം, മധുരപലഹാരങ്ങൾ, ബിസ്ക്കറ്റ് തുടങ്ങിയവ ഉണ്ടാക്കുന്നതിനും വെളിച്ചെണ്ണ ഉപോഗിച്ചുവരുന്നു. കൊഴുപ്പും എണ്ണകളും ചേർത്ത് നിർമ്മിക്കുന്ന 'മാർഗറിൻ' എന്ന ഉല്പന്നത്തിന്റെ ഒരു പ്രധാന ഘടകമായും വെളിച്ചെണ്ണ ഉപയോഗിക്കാമെന്ന് കണ്ടത്തിയിട്ടുണ്ട്.

(സി & ഡി) കണക്കാക്കിയിട്ടില്ല.

**പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ നടപടി**

5 (*215) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റുമതി ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടി പഴം, പച്ചക്കറി ഫാമുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഏതു ഫാമുകൾ എവിടെയെല്ലാം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ തുടങ്ങുന്നത് സ്വകാര്യമേഖലയിലാണോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം സഹായം നൽകും എന്ന് വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി-ഡി) സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും ഫാമുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾക്ക് അന്തിമരൂപം നൽകിവരുന്നു.

**'വാറ്റ്' നിയമം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ**

6 (*216) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ 'വാറ്റ്' നിയമം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly